34 (1780) റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. ജോണി നെല്ലൂർ :: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളക്ടറേറ്റുകൾ സമ്പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര താലൂക്കാഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്; എത്ര താലൂക്കാഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യാനുണ്ട്; ഇവ എന്നത്തേക്ക് കമ്പ്യൂട്ടറൈസ് ചെയ്യാൻ സാധിക്കും; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വില്ലേജാഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ: എന്നത്തേയ്ക്ക് സംസ്ഥാനത്തെ വില്ലേജാഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ കളക്ടറേറ്റുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 62 താലൂക്കാഫീസുകളിൽ കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്. താലൂക്കാഫീസുകളും അതാതു ജില്ലാ കളക്ടറേറ്റുകളും തമ്മിൽ ബന്ധപ്പെടുത്തുന്ന കമ്പ്യൂട്ടർശൃംഖല പൂർണ്ണമായിട്ടില്ല. ഇവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തളിപ്പറമ്പ് താലൂക്കാഫീസിൽ കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടില്ല. ടി ഓഫീസ് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നതാണ് കാരണം.

(സി) സംസ്ഥാനത്തെ 1453 വില്ലേജ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

35 (1786) ക്ഷേത്രഭൂമികൾക്കു നൽകേണ്ട ആനവിറ്റി

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നടപടികളുടെ ഭാഗമായി ഏറ്റെടുക്കുന്ന ക്ഷേത്രഭൂമികൾക്കു പ്രതിവർഷം നൽകേണ്ടതായി വരുന്ന ആനവിറ്റി എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ ഇതിൽ എന്തുതുക കുടിശ്ശികയായി ഉണ്ട്;

(സി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയത് ഏതു ക്ഷേത്രത്തിനാണ്;

(ഡി) ആ ക്ഷേത്രത്തിന് എന്തുതുക കുടിശ്ശിക ഇനത്തിൽ കൊടുക്കാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ക്ഷേത്രത്തിന് നൽകിവരുന്ന ആനിറ്റി തുക ഉപയോഗിച്ച് ക്ഷേത്രകാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ല എന്നതിനാൽ അവർക്ക് നൽകുന്ന ആനിറ്റി തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ആനിറ്റിക്ക് അപേക്ഷ നൽകിയിട്ടുള്ള എല്ലാ കേസ്സുകളും തീർപ്പു കൽപ്പിച്ചുകഴിഞ്ഞിട്ടില്ലാത്തതിനാൽ കൃത്യമായ കണക്ക് നൽകാൻ കഴിയില്ല. ഇങ്ങനെ തീർപ്പുകല്പിക്കാത്ത കേസ്സുകളിൽ ഇടക്കാല വർഷാശനം നൽകുന്നുണ്ട്. വാർഷിക ബഡ്ജറ്റിൽ ആനിറ്റിക്കായി വകകൊള്ളിച്ചിട്ടുള്ള തുക ഇപ്രകാരമാണ്.

1996-97	-	60 ലക്ഷം രൂപ
1997-98	-	148 ലക്ഷം രൂപ
1998-99	-	100 ലക്ഷം രൂപ
1999-2000	-	65 ലക്ഷം രൂപ

(സി) അന്തിമ വർഷാശനം തീർപ്പാക്കിയിട്ടുള്ള ക്ഷേത്രങ്ങളുടെ കൂട്ടത്തിൽ കൂടൽമാണിക്യം ക്ഷേത്രത്തിനാണ് ഏറ്റവും കൂടുതൽ കുടിശ്ശിക നൽകാനുള്ളത്.

(ഡി) 1999-ലെ വർഷാശന സംഖ്യയുംകൂടി 160 ലക്ഷം രൂപയോളം നൽകാനുണ്ട്.

(ഇ) ഉണ്ട്.

(എഫ്) കാലാകാലങ്ങളിൽ ആനിറ്റി തുക വർദ്ധിപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി നിയമഭേദഗതി നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്.

36 (1787) ഗ്രാമീണ വികസനബോർഡ്

ശ്രീ. ടി.കെ. ബാലൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഗ്രാമീണ വികസന ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബോർഡ് ഇതിനകം ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനകം എത്ര പദ്ധതികൾ പൂർത്തീകരിച്ചു; എത്ര പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly